**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** **12-09-2023 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ദലീമ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി പുതിയ സിലബസ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രൊഫ. സുരേഷ് ദാസ് ചെയർമാനായ കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം കേരള സർവകലാശാല പഠനവിഭാഗത്തിൽ 2023-24 അധ്യയന വർഷത്തിലും മറ്റു സർവകലാശാലകളിലും സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അദ്ധ്യയന വർഷം മുതലും മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും, താല്പര്യമുള്ളവർക്ക് നാലാം വർഷം ഹോണേഴ്സ് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതാണ്. ഇതിനാവശ്യമായ മോഡൽ റഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവ്വകലാശാലകൾക്കു ലഭ്യമാക്കിയിട്ടുണ്ട്.<br><br>പുതിയ കരിക്കുലം ചട്ടക്കൂടിനനുസരിച്ചുള്ള പ്രോഗ്രാമുകൾക്കുള്ള സിലബസുകൾ രൂപീകരിക്കാൻ ഉള്ള നടപടികൾ എല്ലാ സർവ്വകലാശാലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ പുതിയ കരിക്കുലം ഫ്രെയിം വർക്കിന്റെ ഭാഗമായി എല്ലാ സർവ്വകലാശാലകൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ ആവശ്യത്തിന് ഫൗണ്ടേഷൻ കോഴ്സുകൾ രൂപകൽപന ചെയ്യാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) | പ്രോജക്ടുകളും തൊഴിൽ പരിശീലനവും പ്രസ്തുത കോഴ്സുകളുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇന്റേണൽ മാർക്ക്, മൂല്യനിർണ്ണയരീതി എന്നിവയിൽ | (ബി) | ഇന്റേൺഷിപ്പ്, തൊഴിൽപരിശീലനം എന്നിവ പുതിയ കരിക്കുലത്തിന്റെ ഭാഗമാണ്. മൂല്യനിർണ്ണയ രീതികളിൽ വലിയ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ; | | ഓരോ കോഴ്സുകൾക്കും വ്യക്തവും അളക്കാവുന്നതുമായ പഠന ഫലങ്ങൾ എന്തെല്ലാം എന്ന് വ്യക്തമായി മുൻകൂട്ടി നിർവചിക്കണം. ഈ പഠന ഫലങ്ങൾ നോക്കിയാണ് വിദ്യാർത്ഥികൾ ഓരോ കോഴ്സിന്റെയോ പ്രോഗ്രാമിന്റെയോ അവസാനത്തോടെ എന്തെല്ലാം അറിവുകളും ശേഷികളും ലഭിക്കും എന്ന് മനസ്സിലാക്കുന്നത്. പഠിതാവ് ആർജ്ജിക്കേണ്ട ശേഷികൾ/പഠനഫലങ്ങൾ അവർക്കു ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് ഉചിതമായ രീതിയിൽ ഉള്ള വിലയിരുത്തലുകൾ ആണ് രൂപകൽപ്പന ചെയ്യുക. ഒരൊറ്റ അന്തിമ പരീക്ഷയെ മാത്രം ആശ്രയിക്കുന്നതിനുപകരം, പഠന പ്രക്രിയയിലുടനീളം നിരന്തര മൂല്യനിർണ്ണയത്തിനാണ് ഊന്നൽ നൽകുക. ഇത് തുടർച്ചയായ ഫീഡ്ബാക്കിനും ക്രമീകരണത്തിനും അനുവദിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ പുരോഗതി ട്രാക്കുചെയ്യാനും ആവശ്യാനുസരണം മെച്ചപ്പെടുത്തലുകൾ വരുത്താനും പ്രാപ്തമാക്കുന്നു. നിരന്തര വിലയിരുത്തലുകളോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമുള്ള പഠന ഫലങ്ങൾ കൈവരിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശ സംവിധാനങ്ങളും ഉണ്ടാവും. |
| (സി) | നാലുവർഷ ബിരുദ കോഴ്സുകളിൽ അവസാന വർഷം ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുന്നുണ്ടോ; അവസാന വർഷം വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; | (സി) | മൂന്ന് വർഷം കഴിഞ്ഞു ബിരുദം നേടി എക്സിറ്റ് ചെയ്യുന്നതിനും, ഓണേഴ്സ് നേടുന്നതിനായി നാലാം വർഷത്തിലേക്കു പ്രവേശിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം ഉണ്ട്. ഓണേഴ്സ് ബിരുദം നേടുന്നതിന്റെ ഭാഗമായി നിലവിലെ കരിക്കുലം അനുസരിച്ച് 12 ക്രെഡിറ്റ് ഉള്ള ഒരു ഗവേഷണാധിഷ്ഠിതമായ പ്രോജക്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അതോടൊപ്പം ഗവേഷണ ബിരുദം നേടാൻ ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്ക് അതിനു സഹായകരമായ ഒരു ഓണേഴ്സ് വിത്ത് റിസർച്ചും പുതിയ കരിക്കുലം ഫ്രെയിം വർക്ക് മുന്നോട്ടുവയ്ക്കുന്നുണ്ട്. സർവകലാശാല വകുപ്പുകൾ ഗവേഷണ കേന്ദ്രങ്ങൾ/ഗൈഡുകൾ ഉള്ള കോളേജുകൾ എന്നിവിടങ്ങളിൽ ആണ് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദ കോഴ്സുകൾ ഉണ്ടാവുക. |
| (ഡി) | നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പാക്കുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ? | (ഡി) | സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമായ തുല്യത ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നത വിദ്യാഭ്യാസമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. പുതിയ അറിവ് ഉൽപാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ |

| | | | |
|---|---|---|---|
| | | | ആർജ്ജിക്കാനും സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽ നിന്ന് തൊഴിൽ ദാതാക്കൾ എന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പുതിയ കരിക്കുലം പരിഷ്കാരങ്ങൾ വഴി സാധിക്കും. സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാ മൂല്യങ്ങളിലും ഊന്നിക്കൊണ്ട്, ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മത നിരപേക്ഷകത, ശാസ്ത്രബോധം എന്നിവയുള്ള ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനും അതുവഴി കേരളം ഊന്നൽ നൽകുന്ന ഒരു ജനപക്ഷ നവ വൈജ്ഞാനിക സമൂഹത്തെ രൂപീകരിക്കുന്നതിനും നിലവിലെ പരിഷ്കാരങ്ങൾ സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ